**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **10-02-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ-ന്റെ 2022-ലെ 7-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായും വൻതോതിൽ പണം ദുർവ്യയം ചെയ്യുന്നതായും കണ്ടെത്തിയിരുന്നോ; | (എ) | **കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2022-ലെ 7-ം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ റിമാർക്സ്/ അനോമലികൾ പരിശോധിക്കുന്നതിനും ആയത് പ്രകാരം അനർഹരായവരെ കണ്ടെത്തി ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശവും പഞ്ചായത്ത് ഡയറക്ടർ/ഐ.കെ.എം. എന്നിവർക്ക് നൽകിയിരുന്നു. ആയത് പ്രകാരമുള്ള തുടർനടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | **കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2022-ലെ 7-ം നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ റിമാർക്സ്/ അനോമലികൾ പരിശോധിക്കുന്നതിനും ആയത് പ്രകാരം അനർഹരായവരെ കണ്ടെത്തി ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുമുള്ള നിർദ്ദേശവും പഞ്ചായത്ത് ഡയറക്ടർ/ഐ.കെ.എം. എന്നിവർക്ക് നൽകിയിരുന്നു. ആയത് പ്രകാരമുള്ള തുടർനടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നു.** |
| (സി) | വിവിധ പെൻഷൻ പദ്ധതികൾക്ക് നിശ്ചയിച്ചിരുന്ന നിബന്ധനകൾ പാലിച്ചിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; നിബന്ധനകൾക്കതീതമായി പട്ടികയിൽ ഉൾപ്പെട്ടവർ വാങ്ങിയ പെൻഷൻ പലിശ സഹിതം തിരിച്ചു പിടിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | 2016-ൽ കംപ്ട്രോളർ & ആഡിറ്റർ ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിൽ നിന്നും, കരകുളം ഗ്രാമപഞ്ചായത്തിൽ മഹിളാ പ്രധാൻ ഏജന്റുമാർ മുഖേന നടത്തിയ സർവ്വേയിലൂടെയും പൊതുജനങ്ങളിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിന്മേൽ നടത്തിയ പരിശോധനകളിൽ നിന്നും സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ നിരവധി പേർ അനർഹരായുണ്ടെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്, സ്പാർക്ക് ഡാറ്റാ ബേസ്, സർവ്വീസ്/ കുടുംബ |

| | | | | |
|---|---|---|---|---|
| | | | | പെൻഷൻകാരുടെ ഡാറ്റാബേസ്, റബ്ബർ സബ്സിഡി ഡാറ്റാ ബേസ് എന്നിവ പരിശോധിച്ചപ്പോഴും അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ ഡാറ്റാ ബേസ് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാബേസായ സേവനയുമായി സംയോജിപ്പിച്ച് പരിശോധിച്ചപ്പോഴും രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്ന നിരവധി പേരെ കണ്ടെത്തുകയുണ്ടായി. മസ്റ്ററിംഗ് വഴി മരണപ്പെട്ടവരെയും വിവിധ കാരണങ്ങളാൽ അനർഹരായവരെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗണത്തിൽപ്പെടുന്ന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭ്യമായിരുന്ന ഗുണഭോക്താക്കൾക്ക് പിന്നീട് സർക്കാർ സർവീസിൽ ജോലി ലഭിച്ചതിനു ശേഷം, അനർഹമായി 1457 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റിയതായി ബന്ധപ്പെട്ട ഡാറ്റബേസുകളിലെ വിവരങ്ങൾ താരതമ്യം ചെയ്ത് കണ്ടെത്തിയിട്ടുള്ളതും അങ്ങനെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി കൈപ്പറ്റിയ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അനധികൃതമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതിനും, വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുമുള്ള നിർദേശം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നൽകിയിട്ടുള്ളതുമാണ്. ആയത് പ്രകാരമുള്ള തുടർനടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്നു.<br><br>അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന സാഹചര്യങ്ങളിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024 തീയതിയിലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം "പെൻഷൻ അനർഹമായി അവസാനമായി കൈപ്പറ്റിയ തീയതി മുതൽ, ആകെ തിരിച്ചടക്കേണ്ട തുകക്ക്, തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% സാധാരണ പലിശ നിരക്കിൽ, പിഴപ്പലിശ ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ